# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നമ്പർ. പി.ആർ (1) 1318144/2026/ഗ.വി./117

തിരുവനന്തപുരം
07.08.2026

<u>പ്രസിദ്ധീകരണത്തിന്</u>

## പി.എസ്.സിയുടെ വിവിധ തെരഞ്ഞെടുപ്പുകളെ സംബന്ധിച്ച് മാധ്യമങ്ങളിൽ ഉയർന്ന് വന്നിരിക്കുന്ന പരാതികളും അവയുടെ നിജസ്ഥിതിയും

**<u>പശ്ചാത്തലം</u>**

സംസ്ഥാന പ്ലാനിംഗ് ബോർഡിലേക്കുള്ള ചീഫ് (ഇൻഡസ്ട്രീസ് & ഇൻഫ്രാസ്ട്രക്ചർ ഡിവിഷൻ) (കാറ്റഗറി നമ്പർ 249/2022) തസ്തികയിലേക്ക് 13.07.2023-ന് നടന്ന വിവരണാത്മക പരീക്ഷയെഴുതിയ ഉദ്യോഗാർത്ഥികളുടെ 10 ചോദ്യങ്ങളുടെ ഉത്തരങ്ങൾ മൂല്യനിർണയം നടത്തുവാൻ വിട്ടുപോയ വിഷയത്തിൽ സർക്കാർ ക്രൈം ബ്രാഞ്ച് അന്വേഷണം പ്രഖ്യാപിച്ചിരുന്നു. പ്രാഥമിക അന്വേഷണം പൂർത്തിയാക്കിയ ക്രൈം ബ്രാഞ്ച്, എഫ്.ഐ.ആർ ഇട്ട് തുടർ അന്വേഷണം നടത്തി വരികയാണ്. ഈ വിഷയത്തിൽ ഉയർന്നു വന്നിരിക്കുന്ന ആരോപണങ്ങളുടെ നിജസ്ഥിതി പൊതുസമൂഹത്തിന് ബോധ്യമാകേണ്ടത് കമ്മീഷന്റെ കൂടി ആവശ്യകതയായി വിലയിരുത്തിക്കൊണ്ടും കേരള പബ്ലിക് സർവീസ് കമ്മീഷന്റെ വിശ്വാസ്യത മറ്റെന്തിനെക്കാളും മുകളിലായി കണ്ട്കൊണ്ടും, മൂല്യനിർണയം നടത്തിയ കമ്പ്യൂട്ടർ സംവിധാനം ഉൾപ്പടെ പരിശോധനയ്ക്ക് അനുവദിക്കുകയും ആവശ്യപ്പെട്ട രേഖകൾ കൈമാറുകയും ചെയ്തുകൊണ്ട്, അന്വേഷണത്തോട് പൂർണ്ണമായും സഹകരിക്കുകയാണ്. അതോടൊപ്പം വിട്ടുപോയ ചോദ്യങ്ങളുടെ മൂല്യനിർണയം പൂർത്തീകരിക്കാനും തുടർനടപടികൾ സ്വീകരിക്കുവാനും കമ്മീഷൻ തീരുമാനിച്ചിരിക്കുകയുമാണ്.

ടി തസ്തികയുടെ ഉത്തരക്കടലാസ് മൂല്യനിർണയത്തിലുണ്ടായ പിഴവ് വാർത്തയായ പശ്ചാത്തലത്തിൽ, ഇതിനകം സെലക്ഷൻ നടപടികൾ പൂർത്തിയാകുകയും കാലാവധി പൂർത്തിയാക്കി റാങ്ക് പട്ടിക തന്നെ റദ്ദാകുകയും ചെയ്തതുൾപ്പടെയുള്ള തസ്തികകളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അടിസ്ഥാനരഹിതമായ പരാതികൾ തുടർച്ചയായി ഉന്നയിക്കപ്പെടുകയും വാർത്തകളിൽ ഇടംപിടിക്കുകയും ചെയ്യുന്ന പ്രവണത കണ്ടുവരുന്നു. നിലവിൽ ഉയർത്തിക്കൊണ്ടുവന്നിട്ടുള്ള പല പരാതികളും തെരഞ്ഞെടുപ്പ് വേളയിൽ തന്നെ ഉന്നയിക്കപ്പെട്ടിട്ടുള്ളതും ക്രമപ്രകാരം പരിശോധിച്ച് നിജസ്ഥിതി പരാതിക്കാരെ

ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്. കമ്മീഷന്റെ നിലപാട് ശരിവച്ച് കോടതി തന്നെ തീർപ്പാക്കിയ പരാതികൾ പോലും കമ്മീഷനെതിരെയുള്ള പുതിയ ആക്ഷേപമായി അവതരിപ്പിക്കുന്നത് കമ്മീഷന്റെ യശസ്സിനെ കളങ്കപ്പെടുത്താനുള്ള ബോധപൂർവമായ ശ്രമമായാണ് വിലയിരുത്തേണ്ടത്. ഇങ്ങനെ ഇപ്പോൾ മാധ്യമങ്ങളിൽ ഉയർന്നുവന്നിരിക്കുന്ന പരാതികളുടെ നിജസ്ഥിതി ചുവടെ ചേർക്കുന്നു.

**I. എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ റിസർച്ച് ഓഫീസർ തസ്തികയുടെ പരീക്ഷയുടെ സിലബസ് പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിച്ച ശേഷം പരിഷ്കരിച്ചത് സംബന്ധിച്ച പരാതി**

കമ്മീഷൻ പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിക്കുന്നതോടൊപ്പം ഓരോ പരീക്ഷയുടെയും വിശദമായ സിലബസും പ്രസിദ്ധീകരിക്കുന്നു. ഓരോ തസ്തികയിലേക്കും വേണ്ട യോഗ്യതയുടെ അടിസ്ഥാനത്തിലാണ് സിലബസ് നിശ്ചയിക്കുന്നത്. അപേക്ഷിക്കാനർഹരായ എല്ലാ ഉദ്യോഗാർത്ഥികൾക്കും തുല്യ നീതി ഉറപ്പുവരുത്തുന്നതിനായാണ് യോഗ്യതാടിസ്ഥാനത്തിൽ സിലബസ് നിശ്ചയിക്കുന്നത്.

റിസർച്ച് ഓഫീസർ തസ്തികയിലേക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകളിൽ കോമേഴ്സിലുള്ള ബിരുദാനന്തര ബിരുദം ഉൾപ്പെട്ടിരുന്നില്ല. 09.06.2025 ൽ കോമേഴ്സ് ബിരുദം കൂടി ഉൾപ്പെടുത്തി യോഗ്യത ഭേദഗതി ചെയ്തു. അതിൻപ്രകാരമാണ് ഈ തസ്തിക വിജ്ഞാപനം ചെയ്തത്. ഈ തസ്തികയുടെ പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിച്ചപ്പോൾ പുതിയതായി ചേർത്ത കോമേഴ്സ് സിലബസിൽ ഉൾപ്പെട്ടിരുന്നില്ല. ഈ വിഷയം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കോളേജ് വിദ്യാഭ്യാസ വകുപ്പിലെ വിഷയവിദഗ്ധരിൽ നിന്ന് സിലബസ് സമാഹരിച്ച് കൊമേഴ്സ് കൂടി ഉൾപ്പെടുത്തി 16.04.2026 ൽ പരിഷ്കരിച്ച പരീക്ഷ പ്രോഗ്രാം പ്രസിദ്ധീകരിച്ചു.

അപേക്ഷ സമർപ്പിക്കാൻ അർഹരായ എല്ലാ ഉദ്യോഗാർത്ഥികൾക്കും തുല്യ നീതി ലഭിക്കുന്നതിനായാണ് കൊമേഴ്സ് കൂടി ഉൾപ്പെടുത്തി സിലബസ് പരിഷ്കരിച്ചത്. പരിഷ്കരിച്ച പരീക്ഷാ കലണ്ടറിന്റെ തുടക്കത്തിൽ തന്നെ "Research Officer തസ്തികയിലേക്ക് 18.06.2026 ന് നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള ഒ.എം.ആർ പരീക്ഷകളുടെ പുതുക്കിയ സിലബസ് ഉൾപ്പെടുത്തിയിരിക്കുന്നു" എന്ന് ചേർത്തിട്ടുണ്ടായിരുന്നു. ആ തീയതി മുതൽ പരീക്ഷാ തീയതി വരെ രണ്ട് മാസത്തിൽ കൂടുതൽ സമയം ഉദ്യോഗാർത്ഥികൾക്ക് പരീക്ഷാ തയ്യാറെടുപ്പിനായി ലഭിച്ചിരുന്നു.

ഈ വിഷയം സംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്യപ്പെട്ട ഒ.എ. കഴമ്പില്ലായെന്നു കണ്ട് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ തള്ളുകയും "ഒരു തസ്തികയുടെ യോഗ്യതയുമായി ബന്ധപ്പെട്ട ഏത് വിഷയത്തിലുള്ള ചോദ്യങ്ങളും പരീക്ഷയ്ക്ക് ചോദിക്കുമെന്ന്" പി.എസ്.സി. ഓരോ സിലബസിലും വ്യക്തമാക്കിയിട്ടുള്ളത് ചൂണ്ടിക്കാട്ടി കമ്മീഷൻ നടപടിയെ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

ഈ വസ്തുതകൾ ബോധ്യമുണ്ടായിരിക്കെ റിസർച്ച് ഓഫീസർ തസ്തികയുടെ പരീക്ഷാ സിലബസ് പരിഷ്കരിച്ചത് സംബന്ധിച്ച് അടിസ്ഥാന രഹിതമായ ആരോപണം വീണ്ടും ഉന്നയിച്ചിട്ടുള്ളത് ദുരുദ്ദേശപരമാണ്.

**II. എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ റിസർച്ച് ഓഫീസർ തസ്തികയുടെ പ്രൊവിഷണൽ ഉത്തരസൂചികയിൽ കൂടുതൽ ഉത്തരങ്ങൾ 'ബി' ഓപ്ഷൻ ആണെന്ന പരാതി**

പി.എസ്.സിയുടെ ഒരു പരീക്ഷയുടെ ചോദ്യപ്പേപ്പർ പൂർണ്ണമായും തയ്യാറാക്കുന്നത് ഏതെങ്കിലും ഒരു വിഷയവിദഗ്ധൻ അല്ല. സിലബസിൽ ഉൾപ്പെട്ട വ്യത്യസ്ത വിഷയങ്ങളിൽ ചോദ്യങ്ങൾ തയ്യാറാക്കുന്നത് വ്യത്യസ്ത ചോദ്യകർത്താക്കളാണ്. ഉത്തരസൂചികകളിൽ ശരിയായ ഉത്തരങ്ങളുടെ ഓപ്ഷനുകൾ ക്രമരഹിതമായി നൽകണമെന്ന് ചോദ്യകർത്താക്കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ചോദ്യങ്ങൾ തയ്യാറാക്കുന്നത് വിഷയ വിദഗ്ധർ പരസ്പരം അറിയാതെ വളരെ രഹസ്യമായി പൂർത്തീകരിക്കുന്ന പ്രക്രിയയായതിനാൽ ചില ഓപ്ഷനുകൾ ക്രമത്തിലധികം ആവർത്തിച്ച് വരുന്നത് സ്വാഭാവികമാണ്.

**Iii. ചീഫ് (സോഷ്യൽ സർവ്വീസസ്) – സ്റ്റേറ്റ് പ്ലാനിങ്ങ് ബോർഡ് എഴുത്തു പരീക്ഷയിൽ ഉയർന്ന മാർക്ക് നേടിയ ഉദ്യോഗാർത്ഥിക്ക് അഭിമുഖത്തിൽ കുറഞ്ഞ മാർക്ക് ലഭിച്ചത് സംബന്ധിച്ച പരാതി**

സ്റ്റേറ്റ് പ്ലാനിങ് ബോർഡിലെ ചീഫ് തസ്തികയുടെ തെരഞ്ഞെടുപ്പ നടപടികൾ പൂർത്തിയാക്കി 03.10.2019 ൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഈ തസ്തികയിലേക്കുള്ള തെരെഞ്ഞെടുപ്പിൽ ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂവിന് നൽകിയ മാർക്ക് സംബന്ധിച്ച് റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ചില ഉദ്യോഗാർത്ഥികൾ അന്യായം ഫയൽ ചെയ്തു. ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച് കമ്മീഷൻ സ്വീകരിച്ച നടപടികളിൽ യാതൊരു ക്രമക്കേടും ഉണ്ടായിട്ടില്ലെന്നും ഇന്റർവ്യൂ മാർക്ക് അനുവദിച്ചിട്ടുള്ളത് കർശനമായും വ്യവസ്ഥകൾ പ്രകാരമാണെന്നും നിരീക്ഷിച്ച് അന്യായം തീർപ്പാക്കി ബഹു ട്രൈബ്യൂണൽ വിധി പ്രസ്താവിക്കുകയുണ്ടായി. ഇതിനെതിരെ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിലും സുപ്രീം കോടതിയിലും സമർപ്പിച്ച അപ്പീലുകളും അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി ശരിവച്ച് ഉത്തരവായിട്ടുള്ളതാണ്. പരമോന്നത കോടതി വിധിപ്രകാരം തന്നെ തീർപ്പാക്കിയ വിഷയം വീണ്ടും ആക്ഷേപമായി ഉന്നയിച്ച് രംഗത്ത് വന്നിട്ടുള്ളത് പി.എസ്.സി.യെ അപകീർത്തിപ്പെടുത്തുന്നതിനുള്ള ബോധപൂർവ്വമായ ശ്രമത്തിന്റെ ഭാഗമാണ്.

## IV. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയുടെ റാങ്ക് പട്ടികയിൽ കുഫോസിൽ നിന്നും ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ കൂടുതലായി ഉൾപ്പെട്ടുവെന്ന ആക്ഷേപം

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലേക്ക് വേണ്ട യോഗ്യത ഫിഷറീസ് സയൻസിലുള്ള ബിരുദമോ ബിരുദാനന്തര ബിരുദമോ ആണ്. ടി തസ്തികയിലേക്ക് നടത്തിയ ഒ.എം.ആർ പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലാണ് ഉദ്യോഗാർത്ഥികളെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയത്. ഈ തസ്തികയിലേക്ക് വിവിധ യൂണിവേഴ്സിറ്റികളിൽ നിന്നും യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾ അപേക്ഷിച്ചിരുന്നുവെങ്കിലും നിർദ്ദിഷ്ട യോഗ്യതയുള്ളവരിൽ ഭൂരിപക്ഷം പേരും കുഫോസിൽ നിന്നും യോഗ്യത നേടിയവരായതിനാൽ റാങ്ക് പട്ടികയിൽ അവർ കൂടുതലായി ഉൾപ്പെട്ടത് സ്വാഭാവികമാണ്. ഉദ്യോഗാർത്ഥികളെ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതിൽ അവർ യോഗ്യത നേടിയ യൂണിവേഴ്സിറ്റി ഒരു ഘട്ടത്തിലും പരിഗണിക്കപ്പെടുന്നില്ല. റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് യോഗ്യത ലഭിച്ച യൂണിവേഴ്സിറ്റിയെ ചൂണ്ടിക്കാട്ടി ഉന്നയിച്ചിട്ടുള്ള ആക്ഷേപം പി.എസ്.സിയുടെ സ്വാഭാവിക തെരഞ്ഞെടുപ്പ് പ്രക്രിയയെ സംശയത്തിന്റെ നിഴലിൽ നിർത്താനുള്ള ബോധപൂർവ്വമായ ശ്രമമാണ്.

## V. അസിസ്റ്റൻറ് ഇൻഫർമേഷൻ ഓഫീസർ തസ്തികയുടെ തെരഞ്ഞെടുപ്പിന് ഉദ്യോഗാർത്ഥികൾ സമർപ്പിച്ച പ്രവർത്തിപരിചയ സർട്ടിഫിക്കറ്റ് സംബന്ധിച്ച പരാതി

പ്രവർത്തിപരിചയം യോഗ്യതയുടെ ഭാഗമായി നിഷ്കർഷിച്ചിട്ടുള്ള എല്ലാ തസ്തികയ്ക്കും ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ട പ്രവർത്തിപരിചയ സർട്ടിഫിക്കറ്റിന്റെ നിശ്ചിത മാതൃക വിജ്ഞാപനത്തോടൊപ്പം പ്രസിദ്ധീകരിക്കുന്നുണ്ട്. കെ.എസ് & എസ്.എസ്.ആർ റൂൾ 10 (a, b) പ്രകാരമുള്ള പ്രവർത്തിപരിചയ സർട്ടിഫിക്കറ്റുകളാണ് കമ്മീഷൻ സ്വീകരിക്കുന്നത്. ഇതേ ചട്ട പ്രകാരം തന്നെയാണ് അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ തസ്തികയുടെ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റുകളും കമ്മീഷൻ സ്വീകരിച്ചത്.

അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ തസ്തികയ്ക്ക് ഒരു സർക്കാർ പബ്ലിസിറ്റി ഓർഗനൈസേഷനിലോ, പ്രൈവറ്റ് ഓർഗനൈസേഷന്റെ പബ്ലിസിറ്റി ഡിപ്പാർട്ട്മെന്റിലോ, ഏതെങ്കിലും ദിനപത്രത്തിന്റെയോ ന്യൂസ് ഏജൻസിയുടെയോ എഡിറ്റോറിയൽ വിഭാഗത്തിലോ ഉള്ള രണ്ട് വർഷത്തെ പ്രവൃത്തിപരിചയം യോഗ്യതായി നിഷ്കർഷിച്ചിട്ടുണ്ട്. ടി തസ്തികയ്ക്കായി പ്രിലിമിനറി പരീക്ഷയുടെയും വിവരണാത്മക പരീക്ഷയുടേയും അടിസ്ഥാനത്തിൽ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുകയും അതിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളിൽ ന്യൂനതകളുള്ള പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കിയ എല്ലാ ഉദ്യോഗാർത്ഥികൾക്കും ആയത് പരിഹരിക്കാൻ അവസരം നൽകുകയും ചെയ്തിരുന്നു. ഒരു തെരഞ്ഞെടുപ്പിലേക്ക് ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന പരിചയ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള പ്രമാണങ്ങളിൽ ന്യൂനതകളുണ്ടെങ്കിൽ അവ പരിഹരിച്ച് സമർപ്പിക്കുന്നതിന് അവസരം കമ്മീഷൻ നൽകിവരുന്നുണ്ട്. ഈ തസ്തികയുടെ കാര്യത്തിലും ഈ ആനുകൂല്യം

ഉദ്യോഗാർത്ഥികൾക്ക് നൽകുകയും ന്യൂനത പരിഹരിച്ചും നിശ്ചിത മാനദണ്ഡങ്ങൾ അനുസരിച്ചും ഹാജരാക്കിയ സർട്ടിഫിക്കറ്റുകൾ കമ്മീഷൻ സ്വീകരിച്ചു. PRISM Project മായി ബന്ധപ്പെട്ട് PRD അനുവദിച്ച പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റും മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ അനുസരിച്ചുതന്നെയാണ് സ്വീകരിച്ചത്.

ചട്ടങ്ങളും വ്യവസ്ഥകളും പാലിച്ച് കമ്മീഷൻ പൂർത്തിയാക്കിയ ഒരു തെരഞ്ഞെടുപ്പ് സംബന്ധിച്ച് അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നത് ആശാസ്യമല്ല.

**VI. ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) തെരഞ്ഞെടുപ്പിനായി ഉദ്യോഗാർത്ഥി ഹാജരാക്കിയ സമുദായ സർട്ടിഫിക്കറ്റ് സ്വീകരിച്ചത് സംബന്ധിച്ച പരാതി**

തെരഞ്ഞെടുപ്പ് സുതാര്യവും നീതിപൂർവ്വവുമാക്കാൻ കമ്മീഷൻ കർശനമായ മാനദണ്ഡങ്ങളാണ് പിന്തുടരുന്നത്. സംവരണ ആനുകൂല്യങ്ങൾക്ക് അർഹരായ ഉദ്യോഗാർത്ഥികളെ നിശ്ചയിക്കുന്നത് അവർ ഹാജരാക്കുന്ന സമുദായ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലാണ്. ഇതിലേക്ക് റവന്യൂ അധികാരികൾ നൽകുന്ന സമുദായ സർട്ടിഫിക്കറ്റുകളാണ് പി.എസ്.സി മാനദണ്ഡമായി സ്വീകരിക്കുന്നത്. പ്രാദേശികതലത്തിൽ കൃത്യമായ അന്വേഷണം നടത്തി രേഖകൾ പരിശോധിക്കാൻ അധികാരപ്പെട്ട റവന്യൂ അധികൃതർ നൽകുന്ന സർട്ടിഫിക്കറ്റുകൾ കമ്മീഷൻ ആധികാരികമായി അംഗീകരിക്കേണ്ടതുണ്ട്. റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റുകളുടെ ആധികാരികത കമ്മീഷൻ പരിശോധിക്കേണ്ടതില്ലായെന്ന് പല വിധിന്യായങ്ങളിലും കോടതികൾ വ്യക്തമാക്കിയിട്ടുമുണ്ട്.

പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയുടെ തെരഞ്ഞെടുപ്പിനും റവന്യൂ അധികാരികൾ നൽകിയ സമുദായ സർട്ടിഫിക്കറ്റാണ് കമ്മീഷൻ സ്വീകരിച്ചിട്ടുള്ളത്. നിയമന ശിപാർശ ചെയ്യപ്പെട്ട രണ്ട് ഉദ്യോഗാർത്ഥികളുടെ സമുദായ സർട്ടിഫിക്കറ്റ് സ്വീകരിച്ചതിനെതിരെ പരാതി ലഭിച്ചിരുന്നു. ഈ പരാതികൾ പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട റവന്യൂ അധികാരികൾക്ക് കൈമാറി റിപ്പോർട്ട് തേടിയിട്ടുണ്ട്. റവന്യൂ വകുപ്പ് നൽകുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് പി.എസ്.സി ഇത്തരം വിഷയങ്ങളിൽ അന്തിമ തീരുമാനത്തിലെത്തുന്നത്.

വസ്തുതകൾ ഇതായിരിക്കെ, അർഹരായ ഉദ്യോഗാർത്ഥികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനും തെരഞ്ഞെടുപ്പ് പ്രക്രിയയുടെ സുതാര്യത നിലനിർത്തുന്നതിനുമായി കമ്മീഷൻ സ്വീകരിച്ചിട്ടുള്ള നടപടികളെ ഇത്തരത്തിൽ ചോദ്യം ചെയ്യുന്നത് ഖേദകരമാണ്.

**VII. വിവിധ വിഷയങ്ങളിലെ ഡയറ്റ് ലക്ചറർ തസ്തികയുടെ ചോദ്യകർത്താക്കൾ കാലിക്കട്ട് സർവ്വകലാശാലയിൽ നിന്നുള്ളവരാണെന്നും റാങ്ക് പട്ടികയിൽ ഇടം നേടിയവരിൽ അധികവും കാലിക്കട്ട് സർവ്വകലാശാലയിൽ നിന്ന് പരീക്ഷാപരിശീലനം നേടിയവരാണെന്നുമുള്ള പരാതി**

പി.എസ്.സി. നടത്തുന്ന വിവിധ പരീക്ഷകളുടെ ചോദ്യാവലി തയ്യാറാക്കുന്നത് രഹസ്യാത്മകവും കർശനവുമായ സുരക്ഷാ മാനദണ്ഡങ്ങൾ

പാലിച്ചാണ്. ഏതെങ്കിലും ഒരു പ്രത്യേക സർവ്വകലാശാലയിലെയോ സ്ഥാപനത്തിലെയോ വിദഗ്ദരിൽ നിന്ന് മാത്രമല്ല പി.എസ്.സി ചോദ്യശേഖരണം നടത്തുന്നത്. രാജ്യത്തെ വിവിധ അക്കാദമിക/ ഗവേഷണ സ്ഥാപനങ്ങളിലെ അധ്യാപകരും ഗവേഷകരും ഉൾപ്പെടുന്ന വിശാലമായ പാനലിൽ നിന്നാണ് ചോദ്യകർത്താക്കളെ നിയോഗിക്കുന്നത്. ഇത്തരത്തിൽ പൂർണ്ണമായും രഹസ്യാത്മകത പുലർത്തുന്നതാണ് പി.എസ്.സി പരീക്ഷകളുടെ വിശ്വാസ്യതയ്ക്ക് അടിസ്ഥാനം. ഡയറ്റ് ലക്ചറർ തസ്തികകൾക്ക് കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്നുള്ള അദ്ധ്യാപകരാണ് ചോദ്യകർത്താക്കൾ എന്ന രീതിയിൽ പ്രചരിക്കുന്ന വാർത്തകളും ആക്ഷേപങ്ങളും പൂർണ്ണമായും അടിസ്ഥാനരഹിതമാണ്.

റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് പരിശീലനം നേടുന്നത് എന്ന കാര്യം പി.എസ്.സിയുടെ പരിഗണനയിൽ വരുന്ന വിഷയമല്ല.

**VIII. കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസർ (ഹോട്ടൽ മാനേജ്മെന്റ്) തസ്തികയിലെ റാങ്ക് പട്ടികയിൽ ഒരു ഉദ്യോഗാർത്ഥി മാത്രം ഉൾപ്പെട്ടു എന്നതും ആ ഉദ്യോഗാർത്ഥിക്ക് അഭിമുഖത്തിന് മുഴുവൻ മാർക്കും ലഭിച്ചു എന്നുമുള്ള പരാതി**

വിജ്ഞാപനപ്രകാരമുള്ള യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന എല്ലാ ഉദ്യോഗാർത്ഥികളെയും ഉൾപ്പെടുത്തി പരീക്ഷ നടത്തുന്നതാണ് കമ്മീഷൻ തുടർന്നുവരുന്ന രീതി. ഉദ്യോഗാർത്ഥികൾ അവകാശപ്പെട്ടിട്ടുള്ള യോഗ്യതകളുടെ സ്വീകാര്യത ഈ ഘട്ടത്തിൽ പരിശോധിക്കപ്പെടുന്നില്ല.

ചുരുക്കപ്പട്ടിക തയ്യാറാക്കുന്ന വേളയിൽ ഉദ്യോഗാർത്ഥികളോട് യോഗ്യത തെളിയിക്കുന്നതിനുള്ള പ്രമാണങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെടുന്നു. ഈ പ്രമാണങ്ങൾ പരിശോധിച്ചാണ് യോഗ്യതയുടെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തുന്നത്.

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസർ (ഹോട്ടൽ മാനേജ്മെന്റ്) തസ്തികയ്ക്കും ഇത്തരത്തിൽ പരീക്ഷയ്ക്കുശേഷം പ്രമാണങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു. ഈ പ്രമാണങ്ങൾ പരിശോധിച്ച് വിജ്ഞാപനപ്രകാരമുള്ള യോഗ്യത നേടിയവരെ ഉൾപ്പെടുത്തി ചുരുക്കപ്പട്ടികയും റാങ്ക് പട്ടികയും പ്രസിദ്ധീകരിച്ചു. വിജ്ഞാപനപ്രകാരം നിഷ്കർഷിച്ചിരുന്ന യോഗ്യതകളുള്ള ഒരാൾ മാത്രമേ ടി പട്ടികകളിൽ ഉൾപ്പെട്ടിരുന്നുള്ളൂ.

ഈ തസ്തികയുടെ പരീക്ഷ 200 മാർക്കിനായിരുന്നതിനാൽ ഇന്റർവ്യൂ 25 മാർക്കിനാണ് നടത്തിയിട്ടുള്ളത്. ഈ റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥിക്ക് 20 മാർക്കാണ് ഇന്റർവ്യൂവിന് ലഭിച്ചിട്ടുള്ളത്. അതിനാൽ ഇന്റർവ്യൂവിന് മുഴുവൻ മാർക്കും ലഭിച്ചു എന്ന ആരോപണം അടിസ്ഥാനരഹിതമാണ്.

അടുത്തിടെ നിയമന ശിപാർശ നൽകിയ അസിസ്റ്റന്റ് പ്രൊഫസർ ഇൻ ലോ തസ്തികയിലേക്കുമുള്ള എഴുത്തു പരീക്ഷയും 200 മാർക്കിനും ഇന്റർവ്യൂ 25 മാർക്കിനും ആയിരുന്നുവെന്നത് ടി തസ്തികയുടെ റാങ്ക് പട്ടിക പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്.

## IX കയർഫെഡിലെ പേഴ്സണൽ മാനേജർ തസ്തികയിലെ ഉദ്യോഗാർത്ഥിക്ക് ലഭിച്ച ഉത്തര കടലാസിന്റെ പകർപ്പ് മാറിപ്പോയെന്ന പരാതി

കയർഫെഡിലെ പേഴ്സണൽ മാനേജർ തസ്തികയുടെ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച ശേഷം ഈ തസ്തികയിലേക്ക് നടന്ന ഓൺലൈൻ പരീക്ഷയുടെ ഉത്തരക്കടലാസിന്റെ പകർപ്പ് നിശ്ചിത ഫീസ് ഒടുക്കി അപേക്ഷിച്ച ഉദ്യോഗാർത്ഥിക്ക് നൽകിയിരുന്നു. അപേക്ഷ നൽകിയ ഉദ്യോഗാർത്ഥിക്ക് ശരിയായ ഉത്തരക്കടലാസിന്റെ പ്രിന്റൗട്ട് തന്നെയാണ് ലഭ്യമാക്കിയത്. ഈ വിഷയത്തിൽ തെറ്റായ ഉത്തര കടലാസിന്റെ പകർപ്പ് പി എസ് സി കൈമാറി എന്ന് ആരോപിച്ച് ബഹു. ഹൈക്കോടതിയിൽ ഉദ്യോഗാർത്ഥി ഫയൽ ചെയ്തിരുന്ന അന്യായം ബഹു. കോടതി തള്ളിയിട്ടുള്ളതാണ്.

## X. കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിലേക്ക് നടത്തിയ ആദ്യ തെരഞ്ഞെടുപ്പിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് അഭിമുഖ പരീക്ഷയിൽ ലഭിച്ച മാർക്കിലെ അന്തരം സംബന്ധിച്ച പരാതി.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഓഫീസർ തസ്തികയുടെ ആദ്യ വിജ്ഞാപനപ്രകാരമുള്ള റാങ്ക് പട്ടിക 08.10.2021 ന് പ്രസിദ്ധീകരിച്ചു. ഉദ്യോഗാർത്ഥികൾക്ക് എഴുത്തു പരീക്ഷയ്ക്കും അഭിമുഖത്തിനും ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലാണ് റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഉദ്യോഗാർത്ഥികൾക്ക് അഭിമുഖ പരീക്ഷയ്ക്ക് ലഭിക്കുന്ന മാർക്ക് അഭിമുഖ പരീക്ഷയിലെ അവരുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്നതാണ്. അതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതിൽ അസ്വാഭാവികതയില്ല. കെ.എ.എസ് പരീക്ഷയുടെ റാങ്ക് പട്ടിക പരിശോധിച്ചാൽ ഏതൊരു അഭിമുഖ പരീക്ഷയിലേതും പോലെ സ്വാഭാവികമായ ഏറ്റക്കുറച്ചിലുകളേ ഉദ്യോഗാർത്ഥികൾക്ക് ലഭിച്ചിട്ടുള്ള ഇന്റർവ്യൂ മാർക്കിലുള്ളൂ എന്ന കാര്യം വ്യക്തമാകും.

## Xi. സർവകലാശാലകളിലെ പ്രൊഫഷണൽ അസിസ്റ്റൻറ് ഗ്രേഡ് 2 തസ്തികയിലേക്ക് ഒരേ ദിവസം രണ്ടു ബാച്ചുകളിലായി പി എസ് സി നടത്തിയ ഓൺലൈൻ പരീക്ഷയ്ക്ക് ഒരു ചോദ്യപേപ്പറാണ് ഉപയോഗിച്ചത് സംബന്ധിച്ച ആക്ഷേപം.

2014 മുതലാണ് കേരള പി.എസ്.സി. ഓൺലൈൻ പരീക്ഷാ സംവിധാനം ആരംഭിച്ചത്. ഓൺലൈൻ പരീക്ഷ ആരംഭിച്ച ഘട്ടം മുതൽ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ

പരീക്ഷാർത്ഥികളെ രണ്ട് ബാച്ചുകളായി തിരിച്ച് ഒരേ ചോദ്യപ്പേപ്പർ ഉപയോഗിച്ച് പരീക്ഷ നടത്തുന്ന രീതിയാണ് പി.എസ്.സി തുടർന്നുവരുന്നത്.

ഒരു തസ്തികയിലേക്ക് ഒരേ ചോദ്യപേപ്പർ ഉപയോഗിച്ച് പരീക്ഷ രണ്ട് ബാച്ചുകളിലായി നടത്തുമ്പോൾ ഇരു ബാച്ചുകളിലേയും ഉദ്യോഗാർത്ഥികൾ തമ്മിൽ പരസ്പരം കാണാത്ത വിധത്തിലാണ് പരീക്ഷ നടപടികൾ ക്രമീകരിച്ചിട്ടുള്ളത്. വ്യത്യസ്തമായ പ്രവേശന കവാടങ്ങളാണ് ഓരോ ബാച്ചുകൾക്കും അനുവദിച്ചിട്ടുള്ളത്. ആദ്യ ബാച്ചിലെ ഉദ്യോഗാർത്ഥികൾ പരീക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്നതിനു മുമ്പ് തന്നെ രണ്ടാം ബാച്ചിലെ ഉദ്യോഗാർത്ഥികളെ വെരിഫിക്കേഷന് വേണ്ടി മറ്റൊരു ഹാളിൽ പ്രവേശിപ്പിച്ചിരിക്കും. ഉദ്യോഗാർത്ഥികളുടെ അഡ്മിഷൻ ടിക്കറ്റും ഐ.ഡി കാർഡും ഒഴികെ ഫോൺ ഉൾപ്പെടെയുള്ള എല്ലാം മാറ്റിവച്ച ശേഷം മാത്രമാണ് അവരെ വെരിഫിക്കേഷൻ ഹാളിലേക്ക് മറ്റൊരു കവാടത്തിലൂടെ പ്രവേശിപ്പിക്കുന്നത്. വ്യത്യസ്ത ബാച്ചുകളിലെ ഉദ്യോഗാർത്ഥികൾ തമ്മിൽ ആശയവിനിമയത്തിനുള്ള അവസരം ലഭിക്കുന്നില്ല. തീർത്തും കുറ്റമറ്റ രീതിയിൽ 2014 മുതൽ നൂറുകണക്കിന് ഓൺലൈൻ പരീക്ഷകൾ യാതൊരുവിധ ആക്ഷേപങ്ങൾക്കും ഇടനൽകാതെ പി.എസ്.സി ഇതിനകം പൂർത്തിയാക്കിയിട്ടുണ്ടെന്നിരിക്കെ ഒരേ തസ്തികയിലേക്കുള്ള രണ്ട് ഓൺലൈൻ പരീക്ഷ ഒരേ ചോദ്യപ്പേപ്പർ ഉപയോഗിച്ച് നടത്തിയെന്ന ആക്ഷേപമുന്നയിച്ച് ഉദ്യോഗാർത്ഥികൾക്കിടയിൽ ആശയക്കുഴപ്പമുണ്ടാക്കുന്നത് ഖേദകരമാണ്.

## XII. പിഎസ്.സി. പരീക്ഷകളുടെ ഉത്തരകടലാസ് നശിപ്പിക്കുന്നത് സംബന്ധിച്ചുള്ള ആക്ഷേപം.

കമ്മീഷൻ നടത്തുന്ന പരീക്ഷകളുടെ തുടർനടപടികൾ ആവശ്യമില്ലാത്ത ഉത്തര കടലാസ്സുകൾ നശിപ്പിക്കുന്നതിന് വ്യക്തമായ ചട്ടങ്ങൾ നിലവിലുണ്ട്. മാനദണ്ഡങ്ങളും നടപടിക്രമങ്ങളും പാലിച്ച് നടത്തുന്ന ഈ പ്രക്രിയ വളരെ സുതാര്യമാണ്.

റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആറുമാസത്തിനുള്ളിൽ മറ്റു കേസുകളോ ആക്ഷേപങ്ങളോ ഇല്ലാത്ത ഉത്തരക്കടലാസുകൾ പി.എസ്.സി എല്ലാ കാലത്തേക്കുമായി സൂക്ഷിച്ചുവയ്ക്കാറില്ല. കമ്മീഷന്റെ വെബ്സൈറ്റിൽ അറിയിപ്പും പത്രക്കുറിപ്പും നൽകിയതിനുശേഷമാണ് കാലാവധി കഴിഞ്ഞ ഉത്തരക്കടലാസുകൾ നശിപ്പിക്കുന്നത്. ഇത് പി.എസ്.സി വർഷങ്ങളായി തുടർന്നുവരുന്ന പ്രക്രിയയാണ്.

നിലവിൽ ആരോപണം ഉന്നയിക്കുന്നത് 2023 ജനുവരി 1 മുതൽ ഡിസംബർ 31 വരെ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച തസ്തികകളുടെയും അവയോടൊപ്പം പൊതുപരീക്ഷ നടത്തിയ തസ്തികകളുടേയും ഉത്തരക്കടലാസുകൾ നശിപ്പിക്കുന്നതിനെ സംബന്ധിച്ചാണ്. ഇക്കാര്യത്തിലും കേസുള്ളതോ ആക്ഷേപമുള്ളതോ ആയ ഉത്തരക്കടലാസുകൾ ഒഴികെയുള്ളവ നശിപ്പിക്കുന്നതു സംബന്ധിച്ചുള്ള പത്രക്കുറിപ്പ് 26.06.2026 ന് പ്രസിദ്ധീകരണത്തിനായി നൽകിയിരുന്നു. നിയമനടപടികൾ ശേഷിക്കുന്നതോ പരാതികൾ

ഉയർന്നിട്ടുള്ളതോ ആയ തസ്തികകളുടെ ഉത്തരക്കടലാസുകൾ സൂക്ഷിച്ചശേഷം കാലഹരണപ്പെട്ട മറ്റുള്ളവ യഥാകാലം നശിപ്പിക്കുന്ന നടപടിയിൽ പോലും ക്രമക്കേട് ആരോപിച്ച് കമ്മീഷനെക്കുറിച്ച് അവമതിപ്പ് സൃഷ്ടിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം അപലപനീയമാണ്.

**XIII. കയർ ഫെഡിലെ മാർക്കറ്റിംഗ് മാനേജർ തസ്തികയിൽ പ്രസ്തുത സ്ഥാപനത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന വ്യക്തിയ്ക്ക് ഒന്നാം റാങ്ക് ലഭിച്ചതും റാങ്ക് പട്ടികയിൽ മാർക്ക് പ്രസിദ്ധീകരിച്ചിട്ടില്ലാത്തതും സംബന്ധിച്ചുമുള്ള പരാതി.**

കയർ ഫെഡിലെ മാർക്കറ്റിംഗ് മാനേജർ തസ്തികയുടെ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച മാർക്കറ്റിംഗ് സ്പെഷ്യലൈസേഷനുള്ള എം.ബി.എ/എം.ബി.എം –ഉം ഒരു പ്രശസ്തമായ സ്ഥാപനത്തിൽ നിന്നും മാർക്കറ്റിംഗിലുള്ള മൂന്ന് വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയവുമാണ്. വിജ്ഞാപനപ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യതയും പ്രവർത്തിപരിചയവും തെളിയിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളെയാണ് റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പരീക്ഷയിലും ഇന്റർവ്യൂവിലും നേടിയ ആകെ മാർക്കാണ് റാങ്ക് പട്ടികയിലെ ഉദ്യോഗാർത്ഥിയുടെ സ്ഥാനം നിർണ്ണയിക്കുന്നത്.

കയർഫെഡിലെ മാർക്കറ്റിംഗ് മാനേജർ തസ്തികയ്ക്ക് വേണ്ടി 23.01.2026 ൽ പൊതു പരീക്ഷ ആണ് നടത്തിയത്. പൊതു പരീക്ഷയിൽ ഉൾപ്പെട്ട എല്ലാ തസ്തികകളുടേയും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷമേ ഉദ്യോഗാർത്ഥികളുടെ മാർക്ക് പരസ്യപ്പെടുത്താൻ കഴിയൂ. ഈ വിവരം റാങ്ക് പട്ടികയോടൊപ്പമുള്ള കുറിപ്പിൽ പ്രസ്താവിച്ചിട്ടുണ്ട്.

മാർക്കറ്റിങ് മാനേജർ – കയർഫെഡ് തസ്തികയ്ക്കൊപ്പം പൊതു പരീക്ഷ നടന്ന മിൽമയിലെ സീനിയർ മാനേജർ (മാർക്കറ്റിംഗ്) തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. ടി റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചാലുടൻ മാർക്കറ്റിങ് മാനേജർ – കയർഫെഡ് തസ്തികയുടെ മാർക്കോടു കൂടിയ റാങ്ക് പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

**XIV മതിയായ യോഗ്യതയില്ലാതെ ഉദ്യോഗാർത്ഥിയെ അഭിമുഖം മാത്രം നടത്തി ഖാദി ബോർഡിലെ വില്ലേജ് ഓയിൽ ഇൻസ്പെക്ടർ തസ്തികയുടെ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തി എന്ന ആരോപണം**

വില്ലേജ് ഓയിൽ ഇൻസ്പെക്ടർ എന്ന തസ്തികയുടെ വിശേഷാൽ ചട്ടപ്രകാരമുള്ള യോഗ്യത, സയൻസ് വിഷയത്തിലെ അംഗീകൃത സർവ്വകലാശാലാ ബിരുദവും ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ അംഗീകരിച്ച ഗ്രാമീണ എണ്ണ വ്യവസായത്തിലെ സൂപ്പർവൈസറി ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയതായി കാണിക്കുന്ന സർട്ടിഫിക്കറ്റുമാണ്. സർട്ടിഫിക്കറ്റ് കോഴ്സിന്റെ കാലാവധി വിശേഷാൽ ചട്ടത്തിൽ പ്രത്യേകം പരാമർശിച്ചിട്ടില്ല. വിജ്ഞാപനപ്രകാരമുള്ള രണ്ട് യോഗ്യതകളും തെളിയിച്ച ഉദ്യോഗാർത്ഥിയെ അഭിമുഖ പരീക്ഷ നടത്തിയാണ് റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തിയത്.

യോഗ്യരായ അപേക്ഷകരുടെ എണ്ണം നിലവിലുള്ള ഒഴിവുകളുടെ എണ്ണത്തേക്കാൾ കുറവോ തുല്യമോ ആകുമ്പോൾ പരീക്ഷ നടത്തുന്നതിന്റെ ആവശ്യകത ഉണ്ടാകുന്നില്ല. അത്തരം സാഹചര്യങ്ങളിൽ അഭിമുഖം മാത്രം നടത്തി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതാണ് കമ്മീഷൻ തുടർന്നുവരുന്ന രീതി. അതുതന്നെയാണ് ഈ തസ്തികയുടെ തെരഞ്ഞെടുപ്പിലും പാലിച്ചിട്ടുള്ളത്.

## XV. കേരഫെഡിലെ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ഹാന്റെക്സിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിലെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തിയില്ലായെന്നത് സംബന്ധിച്ച പരാതി

ഒരു തസ്തികയിലേക്ക് പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരം നിലവിൽ വരുന്ന റാങ്ക് പട്ടികയിൽ നിന്നും മറ്റൊരു തസ്തികയിലേക്ക് നിയമനശിപാർശ നടത്താറില്ല. എന്നാൽ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലെ തെരഞ്ഞെടുപ്പുകൾക്ക്, ഒരു സ്ഥാപനത്തിൽ നിന്നും ഒഴിവുകൾ അറിയിക്കുമ്പോൾ, റാങ്ക് പട്ടിക നിലവിലില്ലെങ്കിൽ, സമാന യോഗ്യതയും സേവനവ്യവസ്ഥകളും ഉള്ള മറ്റൊരു സ്ഥാപനത്തിലെ സമാന തസ്തികയുടെ റാങ്ക് പട്ടികയിൽ നിന്നും നിയമന ശിപാർശ ചെയ്യുന്ന സാഹചര്യം ഉണ്ടാകാറുണ്ട്.

ഹാന്റെക്സിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്ക് നിലവിൽ വന്ന റാങ്ക് പട്ടികയിൽ നിന്ന് കേരഫെഡിലെ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേക്ക് നിയമനം നടത്തണമെന്ന് ആവശ്യപ്പെട്ട് കൃഷി വകുപ്പ് കത്ത് നൽകിയിരുന്നു. എന്നാൽ കേരഫെഡിലെ അസിസ്റ്റന്റ്/കാഷ്യർ തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകളും ഹാന്റക്സിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകളും തികച്ചും വ്യത്യസ്തമായതിനാലാണ് ഹാന്റക്സിലെ എൽ.ഡി. ക്ലാർക്ക് റാങ്ക് പട്ടികയിൽ നിന്നും കേരഫെഡിലെ അസിസ്റ്റന്റ്/കാഷ്യർ തസ്തികയുടെ ഒഴിവുകളിലേക്ക് നിയമന ശിപാർശ നടത്താൻ സാധിക്കാത്തത്. ഈ വിവരം കൃഷി വകുപ്പിനെ കത്ത് മുഖേന അറിയിച്ചിട്ടുള്ളതുമാണ്. അതുകൊണ്ടുതന്നെ കേരഫെഡിലെ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ പ്രത്യേകം വിജ്ഞാപനം ചെയ്യുകയും 29.01.2025 ൽ പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയിൽ നിന്നും നിയമന ശിപാർശ നടത്തുകയും ചെയ്തിട്ടുണ്ട്.

കേരള പബ്ലിക് സർവീസ് കമ്മീഷനെപ്പോലെ ഇത്രയും വിപുലവും വൈവിധ്യവുമായ തെരഞ്ഞെടുപ്പ് നടത്തുന്ന മറ്റൊരു റിക്രൂട്ടിംഗ് സംവിധാനവും രാജ്യത്ത് നിലവിലില്ല. ഈ പ്രവർത്തനങ്ങളാകട്ടെ കൃത്യമായ നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലും കർശനമായ പരിശോധനകൾ പാലിച്ച് കൊണ്ടും ആണ് കമ്മീഷൻ നടത്തിവരുന്നത്. അത്യന്തം വിപുലമായ ഈ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനിടെ അപൂർവമായി സംഭവിക്കുന്ന പിശകുകൾ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏത് ഘട്ടത്തിലായാലും ഏതറ്റം വരെയും പോയി തിരുത്തുന്നതാണ് കമ്മീഷന്റെ രീതി. ഇതോടൊപ്പം ഉദ്യോഗാർത്ഥികൾക്ക് പിശകുകൾ ചൂണ്ടിക്കാണിക്കുവാനും പരിഹാരം തേടുവാനും സാധിക്കും വിധം സുതാര്യമായാണ് കേരള പബ്ലിക് സർവീസ് കമ്മീഷൻ പ്രവർത്തിക്കുന്നത്. ഇത്തരത്തിലുള്ള തികച്ചും സുതാര്യവും നിഷ്പക്ഷവും നീതിയുക്തവുമായ പ്രവർത്തനമാണ്, കേരള പബ്ലിക് സർവീസ് കമ്മീഷനിൽ ഉദ്യോഗാർത്ഥികളും പൊതുസമൂഹവും അർപ്പിച്ചിട്ടുള്ള വിശ്വാസത്തിന്

അടിസ്ഥാനം. ആ വിശ്വാസത്തിനു പോറലേൽപ്പിക്കുന്ന വിധത്തിൽ അടിസ്ഥാനരഹിതമായ ആരോപണങ്ങളും പരാതികളും പ്രചരിപ്പിക്കുന്നതിൽ നിന്ന് മാധ്യമങ്ങളും വ്യക്തികളും വിട്ടു നില്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സാജു ജോർജ്ജ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവീസ് കമ്മീഷൻ**